**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3020 13.10. 2011-ൽ മറുപടിക്ക്.**

**ജനമൈത്രി പോലീസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. നാണു | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസിനെ നിയമിക്കാൻ ഉദ്ദേശ്യമുണ്ടോ ; (ബി) ഇല്ലെങ്കിൽ ഉടൻ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ; | : (എ) & (ബി) സംസ്ഥാനത്ത് നിലവിൽ 148 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷാ പദ്ധതി നിലവിലുണ്ട്. ഇവിടേയ്ക്ക് 5 സിവിൽ പോലീസ് ഓഫീസർമാരുടെ വീതം അധിക തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |
| (സി) ജനമൈത്രി പോലീസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ? | : (ബി) ജനപങ്കാളിത്തത്തോടെ പോലീസിങ്ങ് നടപ്പാക്കുക, പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക, ജനോപകാരപ്രദമായ പോലീസ് സംവിധാനം ഉണ്ടാക്കുക, കുറ്റകൃത്യങ്ങളിൽ കുറവ് വരുത്തുക എന്നിവയാണ് ജനമൈത്രി പോലീസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ |

സെക്ഷൻ ഓഫീസർ